# ടീസ്റ്റാ സെറ്റിൽവാഡ് ഇവിടെ വന്നിരുന്നു....

ഇത് നരേന്ദ്ര മോഡിമാരുടെ കാലം. ഇവിടെ നീതിയും ന്യായവും അതു സംരക്ഷിക്കാനുള്ള ഭരണകൂട സ്ഥാപനങ്ങളും ഒരിക്കലും സംരക്ഷിക്കാനാവാത്തവിധം തകർന്നു പോയെന്ന് നിരാശപ്പെട്ടവർ.... 2004 ഏപ്രിൽ 12 എന്ന തിയ്യതി എല്ലാ അർത്ഥത്തിലും ഇതിൽ നിന്നൊരു മാറ്റമായി നമുക്കൊക്കെ അനുഭവപ്പെടുന്നു. അതെ, ഗുഹാന്ത്യത്തിലെ വെളിച്ചം. ഗുജറാത്തിലെ നരഹത്യയുടെ അവശേഷിപ്പുകളായവർക്ക്-ഗോദ്രയിലും നരോദ പാട്യയിലും ദഹോദിലും പഞ്ച്മഹലിലും കാലുപൂരിലും പിന്നെ മറ്റു പലയിടങ്ങളിലും സ്വന്തം രക്തത്തിൽപ്പെട്ടവരുടെ ജീവൻ നഷ്ടപ്പെട്ടവർക്ക്-ഒരു വിദൂര ആശ്വാസമായിരുന്നു ഈ ദിവസം ഉണ്ടായ സുപ്രീം കോടതിവിധി. മതേതരത്വത്തിന്റെ അവസാനത്തെ ശ്വാസം നിലച്ചിട്ടില്ലെന്ന് നാം കണ്ടെത്തുന്നു. ബെസ്റ്റ് ബേക്കറി കേസിൽ, (തന്റെ വേണ്ടപ്പെട്ടവരെല്ലാം നഷ്ടപ്പെട്ട സാഹിറ ഷെയ്ക്ക് എന്ന പെൺകുട്ടി നൽകിയ കേസിൽ) ജസ്റ്റിസുമാരായ അജിത് പസായത്തും ദൊരൈസ്വാമി രാജുവും നടത്തിയ വിധി പ്രസ്താവന ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിലെ നിർണ്ണായക വഴിത്തിരിവാണ്. ഗുജറാത്ത് സർക്കാരിനേയും അതുവഴി അന്നാട്ടിലെ രാഷ്ട്രീയ കക്ഷികളെയും പൊലീസ് അടക്കമുള്ള ഉദ്യോഗസ്ഥ സംവിധാനങ്ങളെയും അതിനിശിതമായി വിമർശിക്കുന്നു. മഹാത്മാഗാന്ധിയുടെ നാട്ടിലാണ് ഇതു സംഭവിക്കുന്നത് എന്നതും അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട എല്ലാ മൂല്യങ്ങളും ചിലർ ചവറ്റുകുട്ടയിലെറിഞ്ഞുവെന്നതും ഏറെ ചോദ്യങ്ങളുയർത്തുന്നുവെന്ന് വിധിന്യായം പറയുന്നു....." ക്രിമിനലുകൾക്ക് മതമില്ല. ഹിംസപ്രചരിപ്പിക്കുന്നതും പഠിപ്പിക്കുന്നതുമായ ഒന്നും മതമല്ല, മറിച്ച് ദുഷ്ടചിന്തകൾ പ്രചരിപ്പിച്ചുകൊണ്ടും ആ കളിയിലൂടെ അധികാരത്തിന്റെ ചിറകുകളിൽ കയറാൻ സഹായിക്കുന്ന വെറും മേലങ്കി മാത്രമാണത്...." വിധി തുടരുന്നു.

ബെസ്റ്റ് ബേക്കറി കേസിലെ വിധി എല്ലാവിധ പ്രതിബന്ധങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് നിസ്വാർത്ഥരായ ഒരു സംഘം സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ നടത്തിയ ശ്രമങ്ങൾക്കു കിട്ടിയ അംഗീകാരമാണ്. അത്തരത്തിൽ ഏറ്റവും ശക്തമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ടീസ്റ്റാ സെറ്റിൽവാഡ് ഇക്കഴിഞ്ഞ രണ്ടുമൂന്നു ദിവസം കേരളത്തിൽ വന്നിരുന്നു. മതേതരത്വത്തിന്റെ മഹാഭൂമിയെന്നറിയപ്പെടുന്ന നമ്മുടെ പ്രബുദ്ധ കേരളത്തിലെ പ്രമുഖ മാദ്ധ്യമങ്ങൾ പലതും ടീസ്റ്റയുടെ സന്ദർശനത്തെ അവഗണിച്ചു. ചിലർ പ്രാദേശിക വാർത്തകളിൽ മാത്രം ഒതുക്കി. ഈ മാദ്ധ്യമങ്ങളുടെ സങ്കുചിത താൽപ്പര്യങ്ങളായിരുന്നു ഇതിനു പിന്നിൽ എന്നു വ്യക്തം.

## ടീസ്റ്റ ആരാണ്?

'കമ്മ്യൂണലിസം കോമ്പാറ്റ്' എന്ന മാസികയുടെ പത്രാധിപയെന്ന നിലയിലാണ് ടീസ്റ്റ പുറംലോകത്ത് ഏറെ അറിയപ്പെടുന്നത്.

തയ്യാറാക്കിയത് :
**സി.ആർ. നീലകണ്ഠൻ**

പ്രമുഖ അഭിഭാഷകനായ അതുൽ സെറ്റിൽവാഡിന്റെ മക്കളാണ് ടീസ്റ്റയും അമിലിയും. ചെറുപ്പം മുതൽ തന്നെ അസ്വാസ്ഥ്യജനകമായ ചോദ്യങ്ങൾ ചോദിക്കാൻ അവർ പരിശീലിക്കപ്പെട്ടിരുന്നു. പത്തുവയസിനകം തന്നെ ഇന്ത്യൻ ഭരണഘടനയുടെ പ്രാഥമിക പാഠങ്ങൾ താൻ അച്ഛനിൽ നിന്നുവശമാക്കിയിരുന്നുവെന്ന് അവർ അഭിമാനത്തോടെ പറയുന്നു. പിന്നീട് നിലച്ചുപോയ 'ദി ഡെയ്‌ലി' എന്ന പത്രത്തിലാണ് ആദ്യം ടീസ്റ്റ പ്രവർത്തിച്ചത്. നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു വ്യക്തിയെ തുറന്നു കാട്ടിക്കൊണ്ട് പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിനെച്ചൊല്ലിയുള്ള തർക്കത്തിന്റെ ഭാഗമായി ടീസ്റ്റയും അവരുടെ ചീഫ് ആയിരുന്ന (ഇപ്പോൾ ഭർത്താവായ) ജാവേദ് ആനന്ദും ആ പത്രത്തിലെ പണി ഉപേക്ഷിച്ചു. രാജസ്ഥാനിലെ കടുത്ത ദാരിദ്ര്യത്തേയും പട്ടിണിയേയും പറ്റിയുള്ള ടീസ്റ്റയുടെ റിപ്പോർട്ടുകൾ ഒട്ടേറെ പിൽക്കാല സംഭവങ്ങൾക്കു വഴിവച്ചു.



വർഗ്ഗീയതക്കെതിരായി വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുത്ത ടീസ്റ്റയുടെ സംഘത്തിൽ (ജേർണലിസ്റ്റ് എഗെൻസ്റ്റ് കമ്മ്യൂണലിസം) ജാവേദും രാജദീപ് സർദേശായിയും (എൻഡി ടിവി) സുധീന്ദ്ര കുൽക്കർണിയും (ഇപ്പോൾ പ്രധാനമന്ത്രിയുടെ ഓഫീസിൽ ജോലി) ഉണ്ടായിരുന്നു. 1992-93 കാലത്ത് ശിവസേനയും പൊലീസും ചേർന്ന് മുംബയിൽ നടത്തിയ നരഹത്യക്കെതിരെ ശബ്ദമുയർത്തിയപ്പോഴാണ് ഇവർ ശ്രദ്ധിക്കപ്പെട്ടത്. റാലികൾ നടത്തിയും ലേഖനങ്ങളെഴുതിയും തുടർന്ന് 'കമ്മ്യൂണലിസം കോമ്പാറ്റ്' എന്ന മാസിക പ്രസിദ്ധീകരിച്ചും ഈ പ്രവർത്തനം തുടർന്നു. 'മുഖത്തുനോക്കി സത്യം പറയുന്ന' ഒന്നാണീ മാസിക. സ്കൂളുകളിൽ വച്ചു തന്നെ മതേതരത്വ സങ്കൽപങ്ങൾ അഭ്യസിപ്പിക്കുന്നതിനുള്ള 'ഖോർ' എന്ന ഒരു പരിപാടിയും ടീസ്റ്റ നടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. അക്രമങ്ങൾക്കിരയാകുന്നവരെ സംരക്ഷിക്കുകയെന്ന പണിയേറ്റെടുത്തതോടെ പ്രവർത്തനരംഗം വിപുലമായി. മാസികയും വളർന്നു. എന്നാൽ ബി.ജെ.പി. അധികാരത്തിലെത്തിയതോടെ ഇതു തടയാൻ തുടങ്ങി. പരസ്യങ്ങൾ തീരെ കിട്ടാതായി. ആറുമാസത്തോളം പ്രസിദ്ധീകരണം മുടങ്ങി. തന്റെ മകൻ ജനിച്ച് എട്ടാം നാൾ മുതൽ പൊതുരംഗത്ത് തിരിച്ചുവരേണ്ടി വന്നു. "ടീസ്റ്റയുടെ സന്നദ്ധതയും ആവേശവും അനന്യമാണ്. ഒരു തീരുമാനമെടുത്താൽ അതിനുവേണ്ടി ഇരുന്നൂറും മുന്നൂറും ശതമാനം പ്രവർത്തിക്കും" പത്രലേഖകനായ അനിൽ ധർക്കാർ പറയുന്നു.

ഗുജറാത്ത് ഭൂകമ്പത്തിന്റെ ഫലമായി ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി ഏറെ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. "ദുരന്തത്തിനിരയായവരിലെ മതന്യൂനപക്ഷത്തിൽപ്പെട്ടവരോട് സർക്കാർ കടുത്ത വിവേചനം കാട്ടി "ടീസ്റ്റ പറയുന്നു. "ഗോദ്രക്കു വളരെ മുമ്പുതന്നെ ഫാഷിസം അവിടെ വളർച്ച പ്രാപിച്ചിരുന്നു."

ഗുജറാത്ത് കലാപത്തിനിരയായവർക്കുവേണ്ടി സിറ്റിസൺസ് ഫോർ ജസ്റ്റിസ് ആന്റ് പീസ് (സി.പി.ജെ.) എന്ന സംഘടന രൂപീകരിച്ചു. ടീസ്റ്റക്കും ജാവേദിനും പുറമെ അലിക് പദംസെ, ആർകിടെക്ടായ ഐ.എം. കദ്രി, കവിയായ ജാവേദ് അക്തർ, അനിൽ ധർക്കർ എന്നിവർ ബോർഡ് അംഗങ്ങളും പ്രസിദ്ധ നാടകൃത്തായ വിജയ് ടെൻഡുൽക്കർ ചെയർമാനുമായിരുന്നു.

ബെസ്റ്റ് ബേക്കറി കേസിൽ ഇടപെടാൻ തുടങ്ങിയപ്പോൾ ശക്തമായ എതിർപ്പുണ്ടായിയെന്ന് ടീസ്റ്റ പറയുന്നു. "ലൈംഗികമായിപ്പോലും അപമാനിക്കുന്ന ഒട്ടേറെ മെയിലുകൾ കൊണ്ട് ഇ-മെയിൽ നിറഞ്ഞു." ടീസ്റ്റക്ക് സംരക്ഷണം നൽകണമെന്ന് കോടതി തന്നെ ആവശ്യപ്പെട്ടു. "ടീസ്റ്റയാണ് അവരുടെ ലക്ഷ്യമെന്ന് ഞങ്ങൾക്കറിയാമായിരുന്നു. അതുകൊണ്ട് ഞങ്ങൾ അവർക്ക് തോക്കുധാരിയായ ഒരു അംഗരക്ഷകനെ നൽകി. അവർ ഒറ്റക്കല്ല, അരക്ഷിതയല്ല."

സി.പി.ജെയിൽ പല പ്രമുഖരുമുണ്ടെങ്കിലും അതിന്റെ ആത്മാവും ശരീരവും ടീസ്റ്റയാണ് "അവരാണ് ഇതിലെ നായികയെന്ന് നിസ്സംശയം പറയാം. തകർന്നവരും പുറത്താക്കപ്പെട്ടവരുമായവർക്കുവേണ്ടി ഏതു ശക്തിയുടെ മുന്നിലും നിവർന്നുനിന്ന് വാദിക്കാനുള്ള ധൈര്യം അവർക്കുണ്ട്. അവരെ എനിക്കറിയാം എന്നതിൽത്തന്നെ ഞാൻ ഏറെ അഭിമാനിക്കുന്നുവെന്ന് എല്ലാ ആത്മാർത്ഥതയോടും കൂടിത്തന്നെ പറയാം.," ജാവേദ് അക്തർ പറയുന്നു.

ഒരു മനുഷ്യന്റെ എല്ലാ ആഗ്രഹങ്ങളും ടീസ്റ്റക്കുമുണ്ട്. "ഭംഗിയായി വസ്ത്രം ധരിക്കാൻ എനിക്കാഗ്രഹമുണ്ട്. കഴിഞ്ഞ നാലു വർഷമായി അതിനു കഴിയുന്നില്ലെങ്കിൽ, അതിനുള്ളഏകകാരണം സമയം കിട്ടുന്നില്ലായെന്നതാണ്. ഇന്ത്യനും പാശ്ചാത്യനുമായ എല്ലാ സംഗീതത്തോടും താൽപര്യമുണ്ട്. രാഷ്ട്രീയവും അല്ലാത്തതുമായ എല്ലാത്തരം പുസ്തകങ്ങളും വായിക്കാൻ ആഗ്രഹമുണ്ട്. ഇതിനെല്ലാം പുറമെ എനിക്കും ജാവേദിനും ഏറ്റവും ഇഷ്ടപ്പെട്ട വിനോദമാണ് യാത്രകൾ - വിശേഷിച്ചും ഹിമാലയത്തിലേക്ക്."

പക്ഷെ ഒട്ടേറെ ഗംഭീരമായ ഹിമാലയൻ കടമകൾ അവരുടെ മുന്നിലുണ്ട്. കലാപം സംബന്ധിച്ച പല കേസുകളും കോടതിയിലാണ്. ചില കേസുകൾ സി.ബി.ഐ.ക്ക് കൈമാറുന്നതിനുള്ള ഹർജികളും നിലവിലുണ്ട്. ഇതിനെല്ലാമിടയിൽ അവർ എങ്ങനെ ശ്വസിക്കുന്നു? എന്നാലും ടീസ്റ്റ കേരളത്തിൽ വന്നത് പ്രത്യേകമായ ദൗത്യം നിർവഹിക്കാനാണ്. തിരുവനന്തപുരത്തും കോഴിക്കോട്ടും പത്രപ്രവർത്തകരേയും നിയമജ്ഞരേയും കണ്ടു. ഗുജറാത്തിലും ഇന്ത്യയിലും മതേതരത്വം നേരിടുന്ന വെല്ലുവിളികളെപ്പറ്റിയുള്ള തന്റെ ഉൽക്കണ്ഠകൾ മലയാളികളുമായി അവർ പങ്കുവച്ചു. ഗുജറാത്തിൽ പ്രതിപക്ഷം (കോൺഗ്രസ്) എങ്ങനെ നിഷ്പ്രഭമായി. നരേന്ദ്രമോഡിയെ 'മൃദുഹിന്ദുത്വം' കൊണ്ട് എതിരിടാൻ കോൺഗ്രസ്സ് ശ്രമിച്ചതിനു പിന്നിൽ സാമ്പത്തിക രാഷ്ട്രീയ കാരണങ്ങളുണ്ടെന്ന് ടീസ്റ്റ പറയുന്നു. അതുവഴി വർഗീയ ഫാഷിസത്തിന്റെ സാമ്പത്തിക അജണ്ട അവർ തുറന്നു കാട്ടുന്നു. മതേതരത്വമെന്നതിന് ഒരു സാമ്പത്തികവശം കൂടിയുണ്ടെന്നു പറഞ്ഞതിനാലാവാം കേരളത്തിലെ പല മാദ്ധ്യമങ്ങളും അവരെ ഒഴിവാക്കിയത്.

*കടപ്പാട് -തെഹൽക്കാ-ഏപ്രിൽ 24*

**ഇൻ പോസ്റ്റേഴ്സ്!** — **കെ.പി.ശശി**




## സാന്ത്വന ചികിത്സ (പെയിൻ & പാലിയേറ്റീവ് കെയർ) കേരളീയം പ്രത്യേക പതിപ്പ് നവംബറിൽ

കേരളത്തിന്റെ പലഭാഗങ്ങളിലും മാറാരോഗികൾക്കുവേണ്ടിയുള്ള ശുശ്രൂഷാ സമ്പ്രദായം ഒരു ജനകീയാരോഗ്യ പ്രസ്ഥാനത്തിന്റെ മാനം കൈവരിച്ചിട്ടുണ്ട്. ഉത്തര കേരളത്തിൽ മുപ്പതോളം സന്നദ്ധ സംഘടനകളുടെ പിന്തുണയോടെ വികസിച്ചു വരുന്ന Neighbourhood Network in Palliative Care (NNPC - "സാന്ത്വനമേകാൻ അയൽക്കണ്ണികൾ") സംഘങ്ങൾ ചുരുങ്ങിയ കാലംകൊണ്ടുതന്നെ ഈ പ്രദേശത്തെ മാറാരോഗികളുടെ ശുശ്രൂഷയിൽ കാതലായ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. ആരോഗ്യരംഗത്തെ ഈ 'സംഘടിതമായ സാമൂഹ്യ പ്രവർത്തനത്തിന്റെ രാഷ്ട്രീയ മാനങ്ങളെ' ക്കുറിച്ചുള്ള ഒരു ചർച്ചയാണ് ഉദ്ദേശിക്കുന്നത്. വികസനവുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രശ്നങ്ങൾ ഉന്നയിക്കപ്പെടാനും ചർച്ച ചെയ്യപ്പെടാനും കൂടി ഇതൊരു കാരണമായിത്തീരും എന്നാണ് പ്രതീക്ഷ. നിലവിലുള്ള ഒരു പദ്ധതി കേന്ദ്രബിന്ദുവായെടുക്കുന്നത് ചർച്ചകളുടെ സ്വഭാവം സാങ്കല്പികതലത്തിൽ നിന്നു മാറി പ്രായോഗികതലത്തിൽ ഊന്നൽ കൊടുക്കാനായി മാറാൻ സഹായിക്കുമെന്നാണ് കരുതുന്നത്.



* വികസനരംഗത്ത് ജനപങ്കാളിത്തത്തെക്കുറിച്ച് ധാരാളം കേൾക്കാറുണ്ട്. എന്താണ് വികസനത്തിലെ ജനപങ്കാളിത്തം എന്നതുകൊണ്ട് വിവിധ വ്യക്തികളും സംഘടനകളും പ്രസ്ഥാനങ്ങളും ഉദ്ദേശിക്കുന്നത് ?

* സാമ്പ്രദായിക രാഷ്ട്രീയ പ്രവർത്തനവും സാമ്പ്രദായിക സാമൂഹ്യ പ്രവർത്തനവും ഏതാണ്ട് എല്ലായ്പ്പോഴും വേർതിരിച്ചാണ് അറിയപ്പെടുന്നത്.

* സാമൂഹ്യ പ്രവർത്തനം എപ്പോഴെങ്കിലും അരാഷ്ട്രീയമോ പക്ഷപാതരഹിതമോ (Neutral) ആണോ ?

* പുരോഗമനപരമോ പ്രതിലോമപരമോ ആയ സാമൂഹ്യ പ്രവർത്തനങ്ങളുണ്ടോ ? ഒരു പ്രവർത്തനത്തിന്റെ പുരോഗമനപരതയോ പ്രതിലോമപരതയോ നിർണ്ണയിക്കുന്നത് ഏതൊക്കെ കാര്യങ്ങളാണ് ?

നവംബർ 26-28 മഞ്ചേരിയിൽ നടക്കുന്ന പാലിയേറ്റീവ് കെയറിൽ സാമൂഹ്യ പങ്കാളിത്തം എന്ന അന്താരാഷ്ട്ര ശില്പശാലയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന കേരളീയം പ്രത്യേക പതിപ്പിലേക്ക് ദർശനം, അനുഭവങ്ങൾ, കുറിപ്പുകളും ലേഖനങ്ങളും പ്രതീക്ഷിക്കുന്നു. സാമൂഹ്യ പ്രവർത്തനങ്ങളുടെ രാഷ്ട്രീയ സ്വഭാവം-ആരോഗ്യരംഗം ഗൗരവമേറിയ ചർച്ചാ വിഷയമാക്കുന്ന ഈ പതിപ്പിൽ ജീവിതം (വർത്തമാനവും ഭാവിയും) പ്രതിഫലിപ്പിക്കാൻ ലക്ഷ്യമിടുന്നു. പ്രതീക്ഷയോടെ,

ഗസ്റ്റ് എഡിറ്റർ : ഡോ. സുരേഷ്കുമാർ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ, മെഡിക്കൽ കോളേജ്, കോഴിക്കോട് - 8.
ഫോൺ : 0495-2354166, 3113532.